**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 48** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>പ്രവാസി ആരോഗ്യ അപകട ഇൻഷുറൻസ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. സജീവ് ജോസഫ്

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. പഴകുളം മധു

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** പ്രവാസി മലയാളികൾക്കുള്ള സമഗ്ര ആരോഗ്യ അപകട ഇൻഷുറൻസ് പദ്ധതിയായ നോർക്ക കെയർപ്ലസിന്റെ രണ്ടാംഘട്ട എൻറോൾമെന്റ് ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പ്രവാസി കേരളീയർക്ക് നോർക്ക കെയർ പ്ലസ് പദ്ധതിയിൽ അംഗമാകാനുള്ള രണ്ടാം ഘട്ട എൻറോൾമെന്റ് 2026 ആഗസ്റ്റ് 17 മുതൽ 2026 സെപ്റ്റംബർ 18 വരെ ഉണ്ടായിരുന്നു.

**(ബി)** അഞ്ച് ലക്ഷം മുതൽ ഒരു കോടി രൂപ വരെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്ന പ്രസ്തുത പദ്ധതിയെക്കുറിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** നോർക്ക കെയർ പ്ലസ് പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(സി)** സാധുവായ നോർക്ക പ്രവാസി ഐ.ഡി., സ്റ്റുഡന്റ് ഐ.ഡി., എൻ.ആർ.കെ. ഐ.ഡി. എന്നിവ ഉള്ള പ്രവാസി കേരളീയർക്ക് പ്രസ്തുത പദ്ധതിയിൽ എൻറോൾ ചെയ്യാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സാധുവായ പ്രവാസി, സ്റ്റുഡന്റ്, എൻ.ആർ.കെ. ഐ ഡി കാർഡുള്ള പ്രവാസി കേരളീയർക്ക് നോർക്ക കെയർ പ്ലസ് പദ്ധതിയിൽ അംഗമാകാൻ 2026 മാർച്ച് 14 മുതൽ ഏപ്രിൽ 15 വരെയും ആഗസ്റ്റ് 17 മുതൽ സെപ്റ്റംബർ 18 വരെയും പോർട്ടൽ തുറന്നു നൽകിയിരുന്നു.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

പ്രവാസി കേരളീയർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനായി NORKA Care പദ്ധതി 2025 നവംബറിൽ ആരംഭിച്ചിരുന്നു. നിലവിലുള്ള പദ്ധതിയിൽ പ്രവാസി കേരളീയർക്കും അവരുടെ കുടുംബാംഗങ്ങൾക്കും 70 വയസ്സ് വരെ പ്രായപരിധിയിൽ പരിരക്ഷ ലഭിക്കുന്നതാണ്. എന്നാൽ, പ്രവാസി സമൂഹത്തിൽ നിന്നും മാതാപിതാക്കളെയും പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും കൂടുതൽ ഉയർന്ന Sum Insured ഓപ്ഷനുകൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നിരവധി നിവേദനങ്ങളും അഭ്യർത്ഥനകളും ലഭിച്ചിട്ടുണ്ട്. പ്രസ്തുത ആവശ്യങ്ങൾ പരിഗണിച്ച്, മാതാപിതാക്കളെയും ഉൾപ്പെടുത്തി കൂടുതൽ ഉയർന്ന Sum Insured ഓപ്ഷനുകളോടെയും 80 വയസ്സ് വരെ പ്രായപരിധിയോടെയും NORKA Care Plus എന്ന പുതിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതി അവതരിപ്പിച്ചിട്ടുണ്ട്.

**പദ്ധതിയുടെ പ്രധാന സവിശേഷതകൾ ചുവടെ ചേർക്കുന്നു:**

1. പോളിസിയുടെ തരം: Group Medical Coverage (GMC).

2. പോളിസി ഉടമ: Chief Executive Officer, NORKA-Roots, തിരുവനന്തപുരം.

3. പോളിസി വിഭാഗങ്ങൾ:

Self Only

Family Floater

Self Plus Parents

4. കുടുംബ പരിരക്ഷ: സ്വയം, പങ്കാളി, 25 വയസ്സുവരെയുള്ള 2 ആശ്രിത കുട്ടികൾ. അധിക പ്രീമിയം അടച്ച് പരമാവധി 3 കുട്ടികളെ കൂടി ഉൾപ്പെടുത്താം.

5. മാതാപിതാക്കളുടെ പരിരക്ഷ: ₹10 ലക്ഷം മുതലുള്ള Sum Insured ഓപ്ഷനുകളിൽ മാതാപിതാക്കളെയോ പങ്കാളിയുടെ മാതാപിതാക്കളെയോ ഉൾപ്പെടുത്താം.

6. പ്രായപരിധി: സ്വയം 18-70 വയസ്സ്; കുട്ടികൾ 0-25 വയസ്സ്; മാതാപിതാക്കൾ/ആശ്രിതർ പരമാവധി 80 വയസ്സ്.

7. Sum Insured: ₹5 ലക്ഷം, ₹10 ലക്ഷം, ₹15 ലക്ഷം, ₹20 ലക്ഷം, ₹25 ലക്ഷം, ₹50 ലക്ഷം, ₹1 കോടി.

8. Pre-existing Diseases: ആദ്യ ദിവസം മുതൽ പരിരക്ഷ ലഭിക്കും. ആദ്യ എൻറോൾമെന്റ് കാലയളവിന് ശേഷം പദ്ധതിയിൽ ചേരുന്നവർക്ക് 30 ദിവസത്തെ waiting period ബാധകമാണ്.

9. Waiting Period: ആദ്യ എൻറോൾമെന്റ് കാലയളവിൽ ചേരുന്നവർക്ക് 30 ദിവസത്തെ waiting period ഒഴിവാക്കിയിട്ടുണ്ട്. 1, 2, 3, 4 വർഷത്തെ waiting period-ുകളും ബാധകമല്ല.

10. Maternity സംബന്ധമായ ചികിത്സകൾ, OPD ചികിത്സ, Domiciliary Hospitalization, വിദേശ ചികിത്സ, infertility treatment തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുന്നതല്ല.

11. നിശ്ചിത നിബന്ധനകൾക്ക് വിധേയമായി Day Care Treatment, AYUSH ചികിത്സ, Ambulance Charges, Pre & Post Hospitalization expenses, Cataract, Lasik തുടങ്ങിയവയ്ക്ക് പരിരക്ഷ ലഭിക്കും.

12. Robotic Surgery, Stem Cell Therapy, Stereotactic Radio Surgery തുടങ്ങിയ ചില ചികിത്സകൾക്ക് 50% Co-payment ബാധകമാണ്.

13. Room Rent, ICU തുടങ്ങിയവയ്ക്ക് തിരഞ്ഞെടുക്കുന്ന Sum Insured അനുസരിച്ച് നിശ്ചിത പരിധി ബാധകമാണ്. അനുവദനീയമായ പരിധിയേക്കാൾ ഉയർന്ന Room Category തിരഞ്ഞെടുക്കുന്ന പക്ഷം Proportionate Deduction ബാധകമായിരിക്കും.

NORKA Care Plus പദ്ധതി നിലവിലുള്ള NORKA Care പദ്ധതിയെ കൂടുതൽ വിപുലപ്പെടുത്തുകയും, പ്രത്യേകിച്ച് പ്രവാസി കേരളീയരുടെ മാതാപിതാക്കൾക്ക് ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുകയും ഉയർന്ന തുകയിലുള്ള ഇൻഷുറൻസ് പരിരക്ഷ തിരഞ്ഞെടുക്കുന്നതിനുള്ള അവസരം നൽകുകയും ചെയ്യുന്നു.

******************************